# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

## 23.01.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.30-ന് ബഹു.ഗ്രാമവികസന- ആസൂത്രണ വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.നഗരകാര്യവകുപ്പു മന്ത്രിയും ബഹു.പഞ്ചായത്ത് വകുപ്പ് മന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16.01.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012-13 വാർഷിക പദ്ധതി അംഗീകാരവും നിർവഹണവും

2.1.1 2012-13 വാർഷിക പദ്ധതി നിർവഹണത്തിന്റെ പുരോഗതി അവലോകനം ചെയ്തു. 257 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1330 പ്രോജക്ടുകളുടെ നിർവഹണത്തിലൂടെ 46 കോടി രൂപ ചെലവഴിച്ചു. കഴിഞ്ഞവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് ചെലവ് തൃപ്തികരമല്ലെന്ന് കണ്ടു. സാംഖ്യ സോഫ്ട് വെയർ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ചെലവ് കണക്കുകൾ മാത്രമേ ലഭ്യമാകുന്നുള്ളൂവെന്നും അവയിൽ തന്നെ പലതിൽ നിന്നും കണക്ടിവിറ്റി തകരാറുകാരണം കണക്ക് ലഭ്യമായിട്ടില്ല എന്നും, ട്രഷറി കണക്കുകൾ കൂടി ലഭ്യമാക്കിയാൽ മാത്രമേ യഥാർത്ഥ സ്ഥിതി വിലയിരുത്താൻ കഴിയുകയുള്ളൂ എന്നും വ്യക്തമാക്കപ്പെട്ടു.

2.1.2 ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന പഞ്ചായത്ത് ഡയറക്ടർ അടിയന്തിരമായി ഇടപെട്ട് പദ്ധതി നിർവഹണം കാര്യക്ഷമമാക്കണമെന്ന് നിർദ്ദേശിച്ചു.

2.1.3 സുലേഖ ആപ്ലിക്കേഷൻ സോഫ്ട് വെയർ ഓൺലൈൻ ആയി ഉപയോഗിക്കവെ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥർക്കും വെറ്റിംഗ് ഓഫീസർമാർക്കും അബദ്ധങ്ങൾ സംഭവിച്ചതു നിമിത്തം പ്രോജക്ടുകളുടെ ഡാറ്റാഎൻട്രിയിലും വെറ്റിംഗിലും തകരാറുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടത് പരിഗണിച്ച് , അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കു മാത്രമായി സൈറ്റ് തുറന്നു കൊടുക്കാൻ തീരുമാനിച്ചു. അത്തരം കേസുകളോരോന്നും പരിശോധിച്ച് അർഹമായ തദ്ദേശഭരണ സ്ഥാപനം ഏതെന്ന് നിശ്ചയിച്ച് ഐ.കെ.എം-ന് നിർദ്ദേശം നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

2.1.4 ആസൂത്രണ മാർഗരേഖയിലെ നിബന്ധനകൾ അനുസരിച്ച് മാത്രമേ പ്രേജക്ടുകളുടെ ഭേദഗതി വരുത്താവൂ എന്നു നിഷ്കർഷിച്ചു. പ്രകൃതിക്ഷോഭം, സുനാമി, മറ്റ് അപ്രതീക്ഷിത സാഹചര്യങ്ങൾ തുടങ്ങിയവ മൂലമുണ്ടാകുന്ന പ്രത്യേക സന്ദർഭങ്ങളിലൊഴികെ മാറ്റ പ്രോജക്ടുകൾ അനുവദിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

2.1.5 ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം അതിനു ലഭ്യമായ മുഴുവൻ ഫണ്ടും വിനിയോഗിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നില്ല എന്ന് തീരുമാനിക്കുന്ന സാഹചര്യമുണ്ടായാൽ, അവരുടെ അപേക്ഷ സർക്കാർ ഭരണ വകുപ്പുതലത്തിൽ പരിശോധിച്ച് സോഫ്ട് വെയറിലൂടെ സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

2.1.6 ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ 8 മീറ്റർ വീതിയുള്ള റോഡ് ഇല്ലെങ്കിൽ മാത്രം പി.എം.ജി.എസ്.വൈ മാനദണ്ഡം അനുസരിച്ച് റോഡുപണി നടത്താവുന്നതാണ് ഇക്കാര്യം എഞ്ചിനീയർ സർട്ടിഫൈ ചെയ്യേണ്ടതുമുണ്ട്.

2.1.7 ജില്ലാ പഞ്ചായത്തുകൾ 15 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്ന നിബന്ധനയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആസ്തികൾ സൃഷ്ടിക്കുന്ന കാര്യത്തിലും, മുമ്പ് ഏറ്റെടുത്തതും പൂർത്തീകരിക്കാത്തതുമായ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന്റെ കാര്യത്തിലും ഇളവ് നൽകി തീരുമാനിച്ചു. മറ്റ് പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് അർഹമെങ്കിൽ സർക്കാർ തലത്തിൽ അനുമതി നൽകുന്നതാണ്.

2.1.8 പട്ടികവർഗക്കാരായ കുട്ടികൾക്ക് പോഷകാഹാര വിതരണം നടത്തുന്നതിന് തഹസിൽദാർമാരുടെ സാക്ഷ്യപത്രത്തിനു പകരം പട്ടികവർഗ വികസന ഓഫീസർമാരുടെ സാക്ഷ്യപത്രം മതിയാകുമെന്ന് തീരുമാനിച്ചു.

2.1.9 പട്ടികവർഗ ഉപപദ്ധതി(റ്റി.എസ്.പി) പ്രകാരം ഏറ്റെടുക്കുന്ന നടപ്പാതയുടെ വീതി ഒന്നര മീറ്റർ എന്നത്. മൂന്നു മീറ്ററായി ഉയർത്താനും കോൺക്രീറ്റ് ചെയ്യുകയോ ടാർ ചെയ്യുകയോ ആവാമെന്നും തീരുമാനിച്ചു.

2.1.10 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളുടെ പദ്ധതി രൂപീകരണ വേളയിൽ ഗ്രാമസഭയും വികസന സെമിനാറും നടത്തിയിട്ടുള്ളതിനാൽ രണ്ടാം വർഷ പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് വീണ്ടും ഗ്രാമസഭയും വികസന സെമിനാറും നടത്തേണ്ടതില്ല എന്നു തീരുമാനിച്ചു. സ.ഉ.(എം.എസ്) 225/12/തീയതി 18.08.2012-ലെ ഖണ്ഡിക 11.1 മുതൽ 11.15 വരെയുള്ളവ രണ്ടാം വർഷ പ്രോജക്ട് രൂപീകരണത്തിന് ആവശ്യമില്ല.

2.1.11 രണ്ടാം വർഷ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ 2013 മാർച്ച് 5 നകം മേലുദ്യോഗസ്ഥരിൽ നിന്നുള്ള അംഗീകാരവും 20-നകം പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നുള്ള അംഗീകാരവും നേടേണ്ടതാണ് എന്ന വ്യവസ്ഥയിലെ തീയതികൾ യഥാക്രമം മാർച്ച് 10 ആയും 25 ആയും മാറ്റേണ്ടതാണ് എന്നു തീരുമാനിച്ചു.

2.1.12 രണ്ടാംവർഷ പദ്ധതി രൂപീകരണമായി ബന്ധപ്പെട്ട് ജില്ലാ കേന്ദ്രങ്ങളിൽ ജനുവരി 28 മുതൽ 31 വരെ നടത്താൻ'കില' നിശ്ചയിച്ച പരിശീലന പരിപാടികൾ വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാത്തതാണെന്ന് വിലയിരുത്തുകയും, എന്നാൽ നിശ്ചയിച്ചതു പ്രകാരം നടത്താൻ നിർദ്ദേശിക്കുകയും ചെയ്തു. ബഹു.മന്ത്രിമാരുടെയും പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെയും കൂടി സാന്നിദ്ധ്യത്തിൽ മേഖലാടിസ്ഥാനത്തിൽ അവലോകനയോഗങ്ങൾ നടത്താൻ തീരുമാനിച്ചു.

2.1.13 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒരു യോഗം വിളിച്ച് ചർച്ച ചെയ്ത് ജില്ലാ പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കാവുന്നതും ഏറ്റെടുക്കാൻ പാടില്ലാത്തതുമായ പദ്ധതികൾക്ക് അന്തിമ രൂപം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

2.1.14 വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന ആക്ടിവിറ്റി മാപ്പിംഗ് അടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രമിക്കണമെന്നു നിർദ്ദേശിച്ചു.

2.1.15 തദ്ദേശഭരണ സ്ഥാപനങ്ങൾ മുകൾത്തട്ടിൽ നിന്ന് കീഴ്തട്ടിലേയ്ക്ക് ഫണ്ടുകൾ കൈമാറുന്ന ഒരു സ്ഥിതി വിശേഷം ചില പ്രദേശങ്ങളിൽ ഉണ്ടായിരിക്കുന്നതായി തനതു വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ വിശദാംശങ്ങൾ പരിശോധിക്കവെ നിരീക്ഷിച്ചു. അതിനാൽ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ കൂടുതൽ ഫണ്ട് വകയിരുത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ തലത്തിൽ തന്നെ നിർവഹണം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചു.

2.1.16 എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നിലവിലില്ലാതിരുന്ന കാലയളവിൽ നിർമ്മിതി കേന്ദ്രങ്ങൾ പേലെയുള്ള ഏജൻസികൾക്ക് മരാമത്ത് പണികൾ ഏൽപ്പിച്ചിരുന്നത് എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ പുനഃപരിശോധിക്കേണ്ടതുണ്ട്. നിർമ്മിതികേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏൽപ്പിച്ചാൽ മതിയാകുമെന്ന് നിർദ്ദേശിച്ചു.

2.1.17 കോഓർഡിനേഷൻ കമ്മിറ്റിക്കുള്ള അജണ്ടാക്കുറിപ്പിൽ ഉൾപ്പെടുത്തുന്ന തിനുള്ള വിഷയങ്ങൾ വകുപ്പുതല പരിശോധന നടത്തിയശേഷം പരിഗണിച്ചാൽ മതിയാകും.

2.1.18 അവശത അനുഭവിക്കുന്ന പാവപ്പെട്ടവർക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ സുരക്ഷ, താലോലം തുടങ്ങിയ ആശ്വാസ പദ്ധതികൾ നടപ്പാക്കുന്നതിന് ഫണ്ട് സമാഹരിക്കുന്നതിനായി ആവിഷ്ക്കരിച്ച പേയ്മെന്റ് ഗേറ്റ്വേയിലേക്ക് സഹായധനമായി തദ്ദേശഭരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്നതിന് അനുമതി നൽകി 13.06.2012-ൽ സർക്കാർ ഉത്തരാവായിരുന്നതാണ്. ജില്ലാ പഞ്ചായത്ത്/കോർപ്പറേഷൻ 25 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി 10 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപയും തനത്/പ്ലാൻ ഫണ്ടിൽ നിന്ന് നൽകുന്നതിനാണ് ഇപ്രകാരം യഥേഷ്ടാ നുമതി നൽകിയിരുന്നത്. ഇങ്ങനെ കൈമാറുന്ന തുകയുടെ ചെലവിന് വികസനഫണ്ടിന്റെ മേഖലാ വിഭജന പരിധി സംബന്ധിച്ച നിബന്ധനകൾ ബാധകമല്ലെന്ന് 23.08.2012-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം 13.09.2012-ൽ സർക്കാർ സ്പഷ്ടീകരണം നൽകിയി രുന്നതുമാണ്. വിവിധ തലങ്ങളിലെ ജനപ്രതിനിധികളുടെ സംഘടനകൾ തന്നെ ഈ തീരുമാനത്തിന് പിന്തുണ നൽകിയിട്ടുള്ളതുമാണ്. മുഴുവൻ പഞ്ചായത്ത് അംഗങ്ങളുടെയും ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കി വരുന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ ആശ്വാസ പദ്ധതികളിലൂടെ പാവപ്പെട്ടവരെ സഹായിക്കാൻ കിട്ടുന്ന അവസരം തദ്ദേശഭരണ സ്ഥാപനങ്ങൾ എത്രത്തോളം വിനിയോഗിക്കുന്നു എന്ന് 2013 മാർച്ച് ആദ്യവാരത്തിലെ കമ്മിറ്റിയിൽ അവലോകനം ചെയ്യാൻ തീരുമാനിച്ചു. നടപ്പുവർഷം സാമൂഹ്യ സുരക്ഷാ മിഷന് ഫണ്ട് കൈമാറാൻ പ്രോജക്ട് വച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക കൈമാറാവുന്നതാണ്.

2.1.19 03.01.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമനുസരിച്ച് രൂപീകരിച്ച സമിതി തയ്യാറാക്കിയ മേഖലാ, ഉപമേഖലാ-സൂക്ഷ്മമേഖലാ കോഡുകൾ എൽ.എസ്.ജി.ഡി. സൈറ്റിൽ പ്രസിദ്ധീകരിക്കുകയും നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ലഭിക്കുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കോഡ് അന്തിമമാക്കാനും, അതിനുശേഷം ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 തൂണേരി ഗവ.എൽ.പി. സ്ക്കൂൾ കെട്ടിട നിർമ്മാണം

**(ഫയൽ നം.70489/ഡി.ബി2/13/തസ്വഭവ) തീയതി. 23.01.2013**

2010 റിവൈസ്ഡ് SOR പ്രകാരം ടെണ്ടർ ചെയ്തതും എന്നാൽ തുടർന്ന് 2012 SOR നിലവിൽ വന്നതിനാൽ എഗ്രിമെന്റ് വച്ചിട്ടില്ലാത്തതുമായ പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കാൻ തീരുമാനിച്ചു.

1) 2012 SOR ഉം 2010 റിവൈസ്ഡ് SOR ഉം പ്രകാരം എസ്റ്റിമേറ്റുകൾ താരതമ്യം ചെയ്ത് 2012 SOR ന്റെ തുകയിൽ കവിയാത്ത വിധമുള്ള വർദ്ധനവ് അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കുന്നതാണ്.

2) ഇത്തരം പ്രവൃത്തികളിലൂടെ എസ്റ്റിമേറ്റുകളും ടെണ്ടർ തുകയും എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് 2012 SOR പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയിൽ കവിഞ്ഞിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 ചിറക്കടവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.16/ഡി.എ2/13/തസ്വഭവ) തീയതി.23.01.2013

തനത്ഫണ്ട് ഉപയോഗിച്ച് വെയിറ്റിംഗ് ഷെഡുകളുടെ അറ്റകുറ്റപ്പണി പോലും നടത്താൻ കഴിയാത്ത പഞ്ചായത്തുകൾ മെയിന്റനൻസ് ഗ്രാന്റ് തിരിച്ചടയ്ക്കുകയാണ് വേണ്ടത് എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കരുനാഗപ്പള്ളി നഗരസഭ (ഫയൽ നം.56586/എഫ്.എം.2/12/തസ്വഭവ)

**തീയതി.23.01.2013**

വ്യക്തികളുടെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവാർഡ് നടപ്പിലാക്കുന്നത് ഉചിതമല്ലാത്തതിനാലും കീഴ്‌വഴക്കങ്ങളില്ലാത്തതിനാലും ഇതു സംബന്ധിച്ച ആവശ്യം നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ കത്ത്

**(ഫയൽ നം.3110/ഡി1//13/തസ്വഭവ) തീയതി.23.01.2013**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചയ്ക്കായി അടുത്ത യോഗത്തിലേക്ക് മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 എസ്.സി.പി. ഫണ്ട് വിനിയോഗം (ഫയൽ നം.3129/ഡി.എ1/13/തസ്വഭവ) തീയതി.23.01.2013**

പട്ടികജാതി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച ഭേദഗതി നിർദ്ദേശങ്ങൾ തൽക്കാലം പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾക്ക് സാങ്കേതികാനുമതി സംബന്ധിച്ച് (ഫയൽ നം.64876/ഡി.എ1/13/തസ്വഭവ) തീയതി.23.01.2013**

സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതലയെ സംബന്ധിച്ച് അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മരട് നഗരസഭ (ഫയൽ നം.66440/ഡി.സി.3/12/തസ്വഭവ) തീയതി.23.01.2013**

ഖണ്ഡിക 3.1 -ലെ തീരുമാനങ്ങൾ ബാധകമാക്കുന്നതാണ് എന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പൊന്നാനി നഗരസഭ (ഫയൽ നം.75489/ഡി.സി.3/12/തസ്വഭവ) തീയതി.23.01.2013**

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ പ്രത്യേക ധനസഹായമായി അനുവദിക്കണമെന്ന അപേക്ഷ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മലപ്പുറം നഗരസഭ (ഫയൽ നം.77349 /ഡി.ബി1/12/തസ്വഭവ) തീയതി.23.01.2013**

പാണക്കാട് ശിഹാബ് തങ്ങൾ ഭവന പദ്ധതിക്ക് വേണ്ടി വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച അപേക്ഷയിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.74938 /ഡി.എ2/12/തസ്വഭവ) തീയതി.23.01.2013**

സബ്സിഡി മാർഗരേഖയിലെ നിർവചനത്തിൽ കിടാരി, കാളക്കുട്ടി, പോത്തുകുട്ടി എന്നിവയെ കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ആലുവ നഗരസഭ തീയതി.23.01.2013**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർക്ക് 10 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ അവയുടെ വിവരങ്ങൾ വകുപ്പുതലത്തിൽ ശേഖരിച്ച് അടുത്ത യോഗത്തിൽ ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി - രണ്ടാം വർഷ പദ്ധതി രൂപീകരണം. കരട് - മാർഗനിർദ്ദേശങ്ങൾ തീയതി.23.01.2013**

പൊതുവിഷയങ്ങളിലായി ചർച്ച ചെയ്ത് തീരുമാനിച്ച കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി കരട് മാർഗരേഖ ഭേദഗതി ചെയ്ത് അടുത്ത യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ കില ഡയറക്ടർക്ക് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 2535/ഡി.ഡി.2/13/തസ്വഭവ) തീയതി.23.01.2013**

ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാതകളുടെ നിർമ്മാണം ഏറ്റെടുക്കുന്നത് ഉചിതമല്ലാത്തതിനാൽ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കൊയിലാണ്ടി നഗരസഭ (ഫയൽ നം.656/ഡി.സി.2/13/തസ്വഭവ) തീയതി.23.01.2013**

രോഗികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന ‘പാഥേയം’ എന്ന പേരിലുള്ള പരിപാടിക്ക് സർക്കാരിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടിരിക്കുന്നത് പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 6.15ന് അവസാനിച്ചു)**